## പതിനഞ്ചാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2023-26)

## ...14-ാമത്... റിപ്പോർട്ട്

(2024 ...ഫെബ്രുവരി 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

# പതിനഞ്ചാം കേരള നിയമസഭ

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
## (2023-26)

...........18-ാമത്...................... റിപ്പോർട്ട്

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 113-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.

## ഉള്ളടക്കം

| | പേജ് |
|---|---|
| സമിതിയുടെ ഘടന | .... |
| ആമുഖം | .... |
| റിപ്പോർട്ട് | .... |
| സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ | .... |

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26)

## ഘടന

**ചെയർമാൻ :**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**അംഗങ്ങൾ :**

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ *

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി ബേബി, സെക്രട്ടറി ഇൻ ചാർജ്

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

* ശ്രീ. കെ. ബി. ഗണേഷ് കുമാർ ഗതാഗത വകുപ്പ് മന്ത്രിയായതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് 16.01.2024 മുതൽ

## ആമുഖം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 113-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 29.03.2023-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ചു.

സമിതി (2023-26)യുടെ 22.12.2023-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

ഇ. ചന്ദ്രശേഖരൻ,
ചെയർമാൻ,
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
01..02.. 2024

## റിപ്പോർട്ട്

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 113-ാമത് റിപ്പോർട്ട് 2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ മൂന്ന് ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്.

റിപ്പോർട്ടിലെ എല്ലാ 1 ശിപാർശകളിന്മേലും സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി (2021-23)യുടെ 29.03.2022-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും , ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും

## സമിതി അംഗീകരിച്ചതുമായ മറുപടികൾ

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ | നടപടി റിപ്പോർട്ട് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | സർക്കാർ പദ്ധതികളുടെ നടത്തിപ്പുകൾക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവയിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റ് തുകകളിലെ വിനിയോഗിക്കപ്പെടാത്ത ധനത്തിന്മേലുള്ള പലിശ, കമ്പനിയുടെ വരുമാനമായി കണക്കാക്കാൻ പാടില്ലെന്ന ജനറലി ആക്സെപ്റ്റഡ് അക്കൗണ്ടിംഗ് പ്രിൻസിപ്പിൾസ് ആൻഡ് കൺവെൻഷന് (ജി.എ.എ.പി) വിരുദ്ധമായി 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തിച്ച തായി സമിതി നിരീക്ഷിക്കുന്നു. | വിവിധ സർക്കാർ പദ്ധതികളുടെ നടത്തിപ്പുകൾക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളിലെ വിനിയോഗിക്കപ്പെടാത്ത ധനത്തിന്മേലുള്ള പലിശ കമ്പനിയുടെ വരുമാനമായി കണക്കാക്കി വന്നിരുന്നു. നിലവിൽ GAAP, കമ്പനി നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ തുടങ്ങിയവയ്ക്ക് അനുസൃതമായാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നത് അക്കൗണ്ടിംഗ് രീതിയിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. |
| 2 | 2 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | 2009-2013 കാലയളവിൽ കമ്പനിക്ക് ലഭിച്ച ₹5.77 കോടിയുടെ പലിശ വരുമാനം ജി.എ.എ.പി വ്യവസ്ഥകൾക്ക് വിരുദ്ധമായി കണക്കാക്കിയതിനെ തുടർന്ന് നികുതി ചുമത്താവുന്ന കമ്പനിയുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായതായും തത്ഫലമായി കമ്പനിക്ക് കോർപ്പറേറ്റ് നികുതി ഇനത്തിൽ മൊത്തം 1.29 കോടി രൂപ അധികമായി ഒടുക്കേണ്ടി വന്നതായും | 2009-13 കാലയളവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭിച്ച 5.77 കോടി രൂപയുടെ പലിശ വരുമാനം കമ്പനിയുടെ വരുമാനമായി കണക്കാക്കിയതിനെ തുടർന്ന് കമ്പനിയുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുകയും തത്ഫലമായി കമ്പനിക്ക് കോർപ്പറേറ്റ് നികുതി ഇനത്തിൽ 1.29 |

| | | | | |
|---|---|---|---|---|
| | | | ചൂണ്ടിക്കാണിച്ച സമിതി, വ്യവസ്ഥകൾ പാലിക്കുന്നതിൽ കമ്പനി വീഴ്ച വരുത്തിയതായും വിലയിരുത്തി. ജി.എ.എ.പി മാനദണ്ഡങ്ങൾ ഭാവിയിൽ കമ്പനി കൃത്യമായി പാലിക്കണമെന്നും വിനിയോഗിക്കപ്പെടാത്ത ഗ്രാന്റ് തുകകൾക്ക് ലഭിക്കുന്ന പലിശ, കമ്പനി നിയമം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായി കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കമെന്നും സമിതി നിർദ്ദേശിക്കുന്നു. | കോടി രൂപ ഒടുക്കേണ്ടിയും വന്നു. ശേഷിക്കുന്ന വരുമാനം (4.48 കോടി രൂപ) കമ്പനിയുടെ ഫണ്ടിൽ ലഭിക്കുകയും ചെയ്തു . സമിതിയുടെ നിർദ്ദേശം നിലവിൽ പാലിക്കപ്പെടുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പേമെന്റുകൾ ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും നേരിട്ടാണ് കരാറുകാർക്ക് നൽകാറുള്ളത്. കൺസൾട്ടൻസി ചാർജ്ജും മറ്റ് സ്റ്റാറ്റ്യൂട്ടറി റിക്കവറികളും മാത്രമാണ് കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വരുന്നത്. |
| 3 | 3 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് | കമ്പനി ജി.എ.എ.പി അടക്കമുള്ള വ്യവസ്ഥാപിത നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കണമെന്ന ആയതിനനുസൃതമായ മാറ്റങ്ങൾ കമ്പനിയുടെ അക്കൗണ്ടിംഗ് വ്യവസ്ഥയിൽ വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അക്കൗണ്ടിംഗ് രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. Generally Accepted Accounting Principles and Convention (GAAP), കമ്പനി നിയമങ്ങൾ, സർക്കാർഉത്തരവുകൾ തുടങ്ങിയവയ്ക്ക് അനുസൃതമായാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിലവിൽ പ്രവർത്തിക്കുന്നത്. |

ഇ. ചന്ദ്രശേഖരൻ
ചെയർമാൻ,
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം
..02..2024